**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **09-08-2023 - ൽ മറുപടിയ്ക്ക്**

**കാർഷിക ഗ്രാമ വികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിൽ അസിസ്റ്റന്റ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണുള്ളത്; വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ പ്രകാരം 162 അസിസ്റ്റന്റ് തസ്തികകളാണ് ഉള്ളത്. ഇതിൽ 27 തസ്തികകൾ പ്രൊമോഷൻ വഴി നികത്തേണ്ടവയാണ്. നിലവിൽ 62 പേർ അസിസ്റ്റന്റ് തസ്തികയിൽ ജോലിചെയ്തു വരുന്നുണ്ട്. ബാക്കി 73 ഒഴിവുകൾ നിലവിലുണ്ട്. |
| (ബി) | ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; നിലവിലുള്ള ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്; എത്ര പേർ ജോലിയിൽ പ്രവേശിച്ചു എന്നത് വിശദമാക്കാമോ; | (ബി) | പുതുതായി ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. പി.എസ്.സി യിൽ നിന്ന് 73 പേരുടെ സെലക്ട് ലിസ്റ്റ് ലഭിച്ചിരുന്നു. സെലക്ട് ലിസ്റ്റ്പ്രകാരമുള്ള 73 പേർക്കും നിയമന ഉത്തരവ് നൽകിയിരുന്നു. 62 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. |
| (സി) | നിലവിലുള്ള ലിസ്റ്റിൽ നിന്നും ഈ വർഷം എത്ര പേർക്ക് നിയമനം നൽകുവാൻ സാധിക്കും; ബാക്കിയുള്ള ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (സി) | 29 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയക്ക് ആയത് പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ തയ്യാറാകുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളും കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്. |
| (ഡി) | ബാങ്കുകളിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിലേക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടോ; എങ്കിൽ ഇതു എപ്പോൾ പൂർത്തിയാക്കാൻ സാധിക്കും; വ്യക്തമാക്കാമോ? | (ഡി) | 29 ഒഴിവുകൾ കൂടി റിപ്പോർട്ട് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിച്ച അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുന്നതിന് ബാങ്കിന് നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുന്ന മുറയക്ക് ആയത് പരിശോധിച്ച് അംഗീകരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പുതുക്കിയ സ്റ്റാഫ് പാറ്റേൺ തയ്യാറാകുന്ന മുറയ്ക്ക് മുഴുവൻ ഒഴിവുകളും കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ